കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മേലൂർ ഗ്രാമപഞ്ചായത്ത്

2016-2017

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി7)1482/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020

ഫോൺ-0487 2331249
തീയതി: 27.11.2017
ഇ.മെയിൽ-dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മേലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :മേലൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ

രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്ഥതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്. എ-ടി.എസ്.ആർ.(പി-7)1482/2017 തിയ്യതി: 27.11.2017

തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01/04/2016 മുതൽ 31/03/2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്

അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.17മുതൽ<br>19.09.17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ആശ. എം.വി.,<br>(ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.എ.കെ.ശിവദാസൻ<br>(അസി.ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.സുനിൽകുമാർ.കെ.സി.<br>(സീനി.ഗ്രേഡ് ഓഡിറ്റർ) |
| | ശ്രീ.ജോയ്സൺ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ബാബു. പി.പി.,<br>പെരിങ്ങാടൻ ഹൗസ്,<br>കുന്നപ്പിള്ളി. പി.ഒ | 01.04.2016 മുതൽ<br>31.03.2017വരെ |
| സെക്രട്ടറി | ഷഹീദ്.എം.എ.<br>അസിസ്റ്റന്റ് സെക്രട്ടറി<br>(ഇൻ-ചാർജ്ജ്) | 01.04.2016മുതൽ<br>16.05.2016വരെ |
| | വിധു.എ.മോഹൻ | 17.05.2016 മുതൽ 17.12.2016<br>വരെ |
| | അനൂപ്.സി.എൻ. | 18.12.2016മുതൽ<br>28.12.2016 വരെ |
| | ലേഖ.വി. | 29.12.2016 മുതൽ 31.03.2017<br>വരെ |
| | നിർവ്വഹണ ഉദ്യോഗസ്ഥർ | |
| | പേര് | കാലയളവ് |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | സുജിന.കെ.വി. | 01.04.2016മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഷഹീദ്.എം.എ | 01.04.2016 മുതൽ 16.08.2016 വരെ (17.08.2016 മുതൽ 24.08.2016 വരെ ഒഴിവ്) |
| അസിസ്റ്റന്റ് സെക്രട്ടറി | അനൂപ്.സി.എൻ | 25.08.2016 മൂതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | രാജി.എം.ആർ. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | ഡോ.ആഷാ ആന്റണി | 01.04.2016മുതൽ 30.06.2016വരെ |
| മെഡിക്കൻ ഓഫീസർ, പി.എച്ച്.സി. | ഡോ. രജനി ശ്രീധർ | 01.07.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. (മേലൂർ സർക്കിൾ) | ജയ.എ.വി. | 01.04.2016മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. (കുന്നപ്പിള്ളി സർക്കിൾ) | ശാന്തികൃഷ്ണ. കെ.ആർ. | 01.04.2016 മുതൽ 04.01.2017വരെ |
| | ജിജ്ഞ.കെ.വേലായുധൻ | 05-01-2017മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലീന.എ.വി. | 01.04.2016മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.അഭിലാഷ്.പി.എസ്. | 01.04.2016മുതൽ 31.03.2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സെബിൻ.പി.എഫ്. | 01.04.2016മുതൽ 31-03-2017വരെ |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തുന്നു | 2-1 |
| 13 | ഡി&ഒ ലൈസൻസ് – ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-2 |
| 14 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് | 2-3 |
| 15 | ബിൽഡിംഗ് പെർമിറ്റ് – അപാകതകൾ | 2-4 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-5 |
| 17 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതമൂലം ഗ്രാമപഞ്ചായത്തിന് തനതു വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു | 2-6 |
| 18 | കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-7 |
| 19 | ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വാടക കുടിശ്ശിക പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-8 |
| 20 | സഞ്ചയയിൽ മാപ്പിങ്ങ് കൃത്യമാക്കത്തിനാൽ ഗ്രാമപഞ്ചായത്തിന് തനതുവരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു. | 2-9 |
| 21 | വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-10 |
| 22 | ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ട തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല | 2-11 |

| | | |
|---|---|---|
| 23 | സിനിമ ടിക്കറ്റ് വിറ്റതിൽ സെസ്സ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. | 2-12 |
| | ഭാഗം 3 | |
| 24 | ഭക്ഷ്യവസ്തുക്കളുടെ സ്റ്റോക്കിലുണ്ടായ വ്യത്യാസം 91880 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-1 |
| 25 | എസ്.സി വീടുകൾക്ക് കുടിവെള്ള കണക്ഷൻ. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ചെലവു തുക 10000 രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 26 | തെരുവുവിളക്കുകളുടെ സ്റ്റോക്ക് , വിതരണം എന്നിവയിൽ കൃത്യത വരുത്തേണ്ടതാണ്. | 3-3 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി | 3-4 |
| 28 | പൊതുടാപ്പ്-സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-5 |
| 29 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-6 |
| 30 | അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-7 |
| 31 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ | 3-8 |
| 32 | ശുചിത്വമിഷൻ ഫണ്ട് ഉപയോഗം | 3-9 |
| 33 | താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ ചെലവു തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 1383982 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-10 |
| 34 | പ്രോജക്ടുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 921625 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-11 |
| 35 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം | 3-12 |
| 36 | പശ്ചിമഘട്ട വികസന പദ്ധതി-തുക ചെലവഴിക്കാതെ ഭാഗീകമായി തിരിച്ചടച്ചു | 3-13 |
| 37 | ബിറ്റുമിൻ വാങ്ങൽ -നല്കിയ തുകയ്ക്കുള്ള ബിറ്റുമിൻ ലഭിച്ചില്ല | 3-14 |

| | | |
|---|---|---|
| 38 | ബിറ്റുമിൻ കൈപ്പറ്റിയ കരാറുകാർ തൻവർഷം പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-15 |
| 39 | സേവനനികുതി കരാറുകാരന്റെ വിഹിതം ഈടാക്കിയില്ല-അധികചെലവ്-31622 രൂപ | 3-16 |
| 40 | വാർഷിക കണക്കും ഡെപ്പോസിറ്റ് ബാലൻസും തമ്മിലുള്ള വ്യത്യാസം ക്രമീകരിക്കേണ്ടതാണ്. | 3-17 |
| | ഭാഗം-4 | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3.03.2016 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ് = 143035032/- രൂപയും,

പ്രതീക്ഷിത ചെലവ് = 137582000/- രൂപയുമാണ്.

യഥാർത്ഥ വരവു ചെലവുകൾ ബജറ്റ് പ്രകാരമുള്ളവയിൽ നിന്നും വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു. മുൻ വർഷങ്ങളിലെ ബജറ്റുകൾ താരതമ്യം ചെയ്ത് വസ്തുനിഷ്ഠമായി ബജറ്റ് തയ്യാറാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|

| | |
|---|---|
| 31-3-2017 | 24-7-2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷികകണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.എസ്.ബി.ഐ ലിറ്ററസി അക്കൗണ്ട് പാസ്സ് ബുക്ക് ബാലൻസ് 14902 രൂപയും വാർക്ഷികകണക്കു പ്രകാരമുള്ള ബാലൻസ് 14610 രൂപയുമാണ്. വ്യത്യാസം റികൺസീലിയേഷനിൽ ക്രമീകരിച്ചിട്ടില്ല.

2. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ കൂലിയിനത്തിലെ വരവ് തൊഴിലുറപ്പ് പദ്ധതി കണക്കുപ്രകാരമുള്ള 12017839 രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2016-17ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് , ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 18439143

വരവ് - 52481934

ആകെ - 70921077

ചെലവ് - 46503417

നീക്കിയിരിപ്പ് - 24417660

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 00 | 11782023 | 11782023 | 10247142 | 1534881 | 86.97 |
| വികസനഫണ്ട് എസ്.സി.പി. | 00 | 3740826 | 3740826 | 2492573 | 1248253 | 66.63 |
| വികസനഫണ്ട് ടി.എസ്.പി. | 00 | 23532 | 23532 | 18000 | 5532 | 76.49 |
| സംരക്ഷണഗ്രാന്റ് റോഡ് | 00 | 5781231 | 5781231 | 2884861 | 2896370 | 49.90 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 00 | 3201150 | 3201150 | 2899183 | 301967 | 90.57 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 00 | 6607582 | 6607582 | 4423814 | 2183768 | 66.95 |
| ലോകബാങ്ക് സഹായം | 00 | 3464372 | 3464372 | 2174582 | 1289790 | 62.77 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 10683362 | 8901312 | 11574674 | 8830908 | 2743766 | 76.30 |
| എം.എൻ.ആർ.ഇ.ജി.എസ്. | 846 | 803101 | 803947 | 752718 | 51229 | 93.63 |
| ബി ഫണ്ട് | 00 | 420560 | 420560 | 420560 | 00 | 100 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 156 | 53055269 | 105 | 29103362 | 36 | 15 | 67.3 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 49.57% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4732416 | 6584169 | 1851753 | (+)39.13 |
| നികുതിയേതര വരവുകൾ | 1342225 | 2501473 | 1159248 | (+)96.37 |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 6074641 | 9085642 | 3011001 | 49.57 |

# 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 82560 | 51 |
| കർഷകത്തൊഴിലാളി പെൻഷൻ | 4546440 | 482 |
| വിധവാ പെൻഷൻ | 13450400 | 1218 |
| വാർദ്ധക്യകാല പെൻഷൻ | 19095035 | 1885 |
| വികലാംഗ പെൻഷൻ | 2122640 | 242 |
| അവിവാഹിത പെൻഷൻ | 1317670 | 133 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.9.2017ന് 3.30pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32,695/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ പരിപാലനം

ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് തിയ്യതി | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-8-2017 | up to 2017 July | - | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-10-2014 മുതൽ 14-10-2014 വരെ | 2008/09മുതൽ 2010/11 വരെ | 21-3-2012 | 3-4-2012 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തുന്നു

സർക്കുലർ നമ്പർ 58725/ എഫ്.എം3/2008/ത.സ്വ.ഭ.വ/26.5.11 അനുസരിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ മേലൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് എസ്.ബി.ഐ, മേലൂർ, എസ്.സി.ബി, മേലൂർ എന്നിവയിൽ നിക്ഷേപിക്കുന്നുണ്ട്. ഇത് ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് - അപാകത - ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2016-17 സാമ്പത്തിക വർഷത്തിൽ സാബ് മില്ലർ (മലബാർ ബ്രവറീസ്)എന്ന ബീയർ നിർമ്മാണ സ്ഥാപനം ഡി&ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. പ്രസ്തുത സ്ഥാപനം A3-1772/2.3.16 പ്രകാരം അപേക്ഷിച്ചെങ്കിലും പഞ്ചായത്ത് അപേക്ഷ നിരസിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം രണ്ട് അർദ്ധ വർഷത്തെയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്.

(I-ാം അർദ്ധ വർഷം 1,00,760/- രൂപയും, രശീതി നം. 1160750007/01.09.2016 പ്രകാരം, II-ാം അർദ്ധ വർഷം 88,320/- രൂപയും രശീതി നം.11617500049/28.02.2017 പ്രകാരം). ഇതിൽ നിന്നും പ്രസ്തുത സ്ഥാപനം 2016-17 സാമ്പത്തിക വർഷത്തിൽ ഡി&ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാണ്. പ്രസ്തുത സ്ഥാപനം ലൈസൻസ് അപേക്ഷയിൽ 671 എച്ച്.പി.യുള്ള വൈദ്യുത ഉപകരണം പ്രവർത്തിക്കുന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനം, അനധികൃതമായി നിർമ്മിച്ച 1709.8$m^2$ വിസ്തീർണ്ണമുള്ള കെട്ടിടം ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷയിൽ 1285 എച്ച്.പി.യുള്ള വൈദ്യുത ഉപകരണം നിലവിലുള്ളതായും, പുതിയതായി 202 എച്ച്.പി. സ്ഥാപിക്കുന്നതായും സൈറ്റ് പ്ലാനിൽ കാണിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ എത്ര എച്ച്.പി. പ്രവർത്തിക്കുന്നുണ്ടെന്ന് അന്വേഷണം നടത്തി ഫീസ് നിർണ്ണയിക്കേണ്ടതാണ്. ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിനെതിരായി ഗ്രാമപഞ്ചായത്തെടുത്ത നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ ബി.ആർ.ഡി. കാർ വേൾഡ്, ബി.ആർ.ഡി. മോട്ടോർസ് എന്നിവയും ഡി&ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. പ്രസ്തുത സ്ഥാപനം ഡി&ഒ ലൈസൻസിന് അപേക്ഷ നൽകിയിട്ടില്ല. ടി സ്ഥാപനം തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം രണ്ട് അർദ്ധ വർഷത്തെയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ടി സ്ഥാപനം 2016-17 സാമ്പത്തിക വർഷത്തിൽ ഡി&ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാണ്. പ്രസ്തുത സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് കെട്ടിട നമ്പർ നൽകിയിട്ടില്ല. ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിനെതിരായി ഗ്രാമപഞ്ചായത്തെടുത്ത നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ പോൾസൺ ഡിസ്റ്റിലറിക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത് 02/09/2016 വരെയാണ്. പ്രസ്തുത സ്ഥാപനം ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം രണ്ട് അർദ്ധ വർഷത്തെയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ടി സ്ഥാപനം 02/09/2016ന് ശേഷവും പ്രവർത്തിച്ചിരുന്നുവെന്ന് വ്യക്തമാണ്. പ്രസ്തുത സ്ഥാപനം ലൈസൻസ് അപേക്ഷയിൽ 142 എച്ച്.പി.യുള്ള വൈദ്യുത ഉപകരണം പ്രവർത്തിക്കുന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഫയർ & റസ്ക്യൂ വകുപ്പിലെ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറുടെ എ-1243/12 തി.4/5/2012 നിരാക്ഷേപ പത്രത്തിൽ 273 എച്ച്.പി.യുള്ള വൈദ്യുത ഉപകരണം പ്രവർത്തിക്കുന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ എത്ര എച്ച്.പി. പ്രവർത്തിക്കുന്നുണ്ടെന്ന് അന്വേഷണം നടത്തി ഫീസ് നിർണ്ണയിക്കേണ്ടതാണ്. 142 എച്ച്.പി.യുള്ള വൈദ്യുത ഉപകരണം പ്രവർത്തിക്കുന്നതിന് ഈടാക്കേണ്ടത് 2000/-രൂപയാണ്. എന്നാൽ ഈടാക്കിയത് 1500/-രൂപയാണ്. 500/-രൂപയുടെ കുറവ് കൂടി ഈടാക്കി ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) വകുപ്പ് അനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിന് വിരുദ്ധമായും യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലാത്തതാണ്. ആയതിനാൽ ലൈസൻസ് കൂടാതെ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച്

താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I,II |
| 2 | ക്വാളിറ്റി മിക്സ് | I,II |
| 3 | SBI | I,II |
| 4 | SCB, മേലൂർ | I,II |
| 5 | നീറോ പെയിന്റ്സ് | I,II |
| 6 | ഹോട്ടൽ ക്ലേ ഹൗസ് | I,II |
| 7 | ചെറുക്കാത്തറ കൺസ്ട്രക്ഷൻ പ്രൈ. ലി. | I,II |
| 8 | ERMPU LTD, എറണാകുളം (മിൽമ) | I,II |
| 9 | എഞ്ചീനീയറിഗ്, കംപോണൻസ് & ടൂൾസ് | I,II |
| 10 | ഫെഡറൽ ബാങ്ക് | I,II |
| 11 | റാഫേൽ സാനിറ്ററീസ് | I,II |
| 12 | ധനലക്ഷമി ബാങ്ക് | I,II |
| 13 | സപ്ലൈകോ മാവേലി സ്റ്റോർ, അടിച്ചിലി | I,II |
| 14 | ബി.ആർ.ഡി. മോട്ടോർസ് | I,II |

ബി.ആർ.ഡി. കാർ വേൾഡാണ് സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. ബി.ആർ.ഡി. മോട്ടോർസ് സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 19, തി.19/9/2017ന് ലഭിച്ച മറുപടിയിൽ മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നികുതി ചുമത്തി ഈടാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1.പോസ്റ്റോഫീസ്, കുവക്കാട്ടുകുന്ന് ബ്രാഞ്ച്

2.സപ്ലൈകോ മാവേലി സ്റ്റോർ, അടിച്ചിലി

ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 453 സ്ഥാപനങ്ങൾ ലൈസൻസിന് അപേക്ഷ നൽകിയിട്ടുണ്ട്. 425 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. 264 സ്ഥാപനങ്ങൾ മാത്രമാണ് തൊഴിൽ നികുതി (ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ) അടവാക്കിയിട്ടുള്ളത്. 161 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി (ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ) ഈടാക്കുന്നില്ല. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റിൽ ഉൾപ്പെടുത്തേണ്ട സ്ഥാപനങ്ങൾ

1.രസഗുരുകുൽ ഹോസ്പിറ്റാലിറ്റി ലിമിറ്റഡ്

2.സെന്റ് തോമസ് ഹോസ്പിറ്റൽ

3.നവജീവൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂറോ ഡെവലപ്പ്മെന്റ്

4.അമൃതധാര

## 2-4 ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ

സാബ് മില്ലർ (മലബാർ ബ്രവറീസ്)എന്ന ബീയർ നിർമ്മാണ സ്ഥാപനം അനധികൃതമായി നിർമ്മിച്ച 1709.8$m^2$ വിസ്തീർണ്ണമുള്ള കെട്ടിടം ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷയിൽ കൈവശവകാശ സാക്ഷ്യപത്രം, നികുതി അടച്ചതിന്റെ രശീത്, ആധാരത്തിന്റെ കോപ്പി എന്നിവ കാണുന്നില്ല. ആയതിനാൻ ഈ അനധികൃത നിർമ്മാണം KPBR ചട്ടപ്രകാരമുള്ള ഭൂമിയിലാണോയെന്ന് (പുറമ്പോക്ക്, നിലം നികത്തൽ അല്ലാത്ത) പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത അനധികൃത നിർമ്മാണത്തിന് എതിരായി ഗ്രാമപഞ്ചായത്തെടുത്ത നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

| സ്ഥാപനം | കെട്ടിട നമ്പർ | വസ്തു നികുതി | കുടിശ്ശിക വിവരം |
|---|---|---|---|
| എയർസെൽ | 15/458 | 12600/- | 2014-15 മുതൽ |
| ഐഡിയ സെല്ലുല്ലാർ | 8/1A | 24506/- | 2016-2017മുതൽ |
| ഹച്ചിസൺ വോഡഫോൺ | 17/390A | 15454/- | 2016-2017മുതൽ |

| | | | |
|---|---|---|---|
| ഭാരതി ടെലിവിഷൻ ലിമിറ്റഡ് | 15/422 | 21342/- | 2013-2014 മുതൽ |
| ടവർ വിഷൻ ഇന്ത്യ | 15/480A | 45610/- | 2013-2014 മുതൽ |
| റിലയൻസ് | 15/414 | 23625/- | 2013-2014 മുതൽ |

ഗ്രാമപഞ്ചായത്തിന്റെ അസസ്സ്മെന്റ് രജിസ്റ്ററുകളിൽ മേൽ പ്രസ്താവിച്ച വസ്തുനികുതി കുടിശ്ശിക കാണുന്നു. മേൽ പ്രസ്താവിച്ച മൊബൈൽ ടവറുകളിൽ ബി.എസ്.എൻ.എൽ. ടവർ ഉള്ളതായി കാണുന്നില്ല (ബി.എസ്.എൻ.എൽ. ടവറിനെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല). ആയതിനാൽ മേലൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച വരുന്ന എല്ലാ മൊബൈൽ ടവറുകളുടെയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, വസ്തുനികുതി കുടിശ്ശിക പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേലൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ പുതിയ മൊബൈൽ ടവർ പെർമിറ്റിനുള്ള 4G സേവന ദാതാക്കളുടെ ഒരു അപേക്ഷ പോലും കാണാൻ സാധിച്ചില്ല. ആയതിനാൽ അനധികൃതമായി പണി പൂർത്തീകരിച്ച എല്ലാ മൊബൈൽ ടവറുകളും കണ്ടെത്തി ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് 1994ലെ കേരള പഞ്ചായത്ത് രാജ് 243(2) വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. പിരിച്ചെടുക്കാൻ കഴിയാത്ത കുടിശ്ശിക തുക കാലഹരണപ്പെട്ടാൽ 243(3) വകുപ്പനുസരിച്ച് നഷ്ടത്തിന്, വീഴ്ചവരുത്തിയ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കി 12% പലിശ നിരക്കിൽ ടി തുക ഈടാക്കേണ്ടതുമാണ്.

## 2-6 വസ്തുനികുതി നിർണ്ണയത്തിലെ അപാകതമൂലം ഗ്രാമപഞ്ചായത്തിന് തനതുവരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു

100$m^2$ മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള (ഗ്രൂപ്പ് F) കെട്ടിടങ്ങൾ നമ്പറിടുമ്പോൾ വസ്തുനികുതിയുടെ അടിസ്ഥാനതുക ചതുരശ്ര മീറ്ററിന് 50രൂപ മുതൽ 70 രൂപ വരെ ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതിയുടെ അടിസ്ഥാന തുക ചതുരശ്ര മീറ്ററിന് 50രൂപയാണ്. എന്നാൽ 100$m^2$ന് താഴെ വിസ്തീർണ്ണമുള്ള ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതിയുടെ അടിസ്ഥാനതുക ചതുരശ്ര മീറ്ററിന് 30 രൂപയാണ്. 100 $m^2$ന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള (ഗ്രൂപ്പ് F) കെട്ടിടങ്ങൾ ചെറിയ യൂണിറ്റുകളായി (100 $m^2$ന് താഴെയായി) നമ്പറിടുമ്പോൾ വസ്തുനികുതിയുടെ അടിസ്ഥാനതുക ചതുരശ്ര മീറ്ററിന് 30 രൂപയാണ് ഈടാക്കുന്നത്. ഇതുമൂലം ചതുരശ്ര മീറ്ററിന് ($m^2$) 20/- രൂപ കുറവ് വരുന്നു. ഇത് വസ്തുനികുതി നിർണ്ണയത്തിൽ ഗണ്യമായ കുറവുണ്ടാക്കുന്നു.

ഒരു ഉദാഹരണം താഴെ ചേർക്കുന്നു

1.പ്രകാശ് കുമാർ, പ്രവീൺ കുമാർ, വിജയലക്ഷ്മി മന്ദിരം, ചാലക്കുടി എന്നവരുടെ വാണിജ്യാവശ്യത്തിനുള്ള (ഗ്രൂപ്പ് F) 1689 $m^2$ നിർമ്മാണാനുമതിയിൽ 281.73$m^2$ പൂർത്തികരിച്ചത്

വസ്തുനികുതി നിർണ്ണയിച്ച് കെട്ടിട നമ്പറിട്ടിരിക്കുന്നു.

| | | | |
|---|---|---|---|
| 15/217A | 20.38 $m^2$ | 20.38X30+ വർദ്ധനവ്/കുറവ് | 771(BT)+37(LC) |
| 15/217B | 19.65 $m^2$ | 19.65X30+ വർദ്ധനവ്/കുറവ് | 744(BT)+36(LC) |
| 15/217C | 19.65 $m^2$ | 19.65X30+ വർദ്ധനവ്/കുറവ് | 744(BT)+36(LC) |
| 15/217D | 36.22$m^2$ | 36.22X30+വർദ്ധനവ്/കുറവ് | 1370(BT)+66(LC) |
| 15/217E | 30.34$m^2$ | 30.34x30+വർദ്ധനവ്/കുറവ് | 1148(BT)+55(LC) |
| 15/217F | 23.3$m^2$ | 23.3x30+വർദ്ധനവ്/കുറവ് | 885(BT)+43(LC) |
| 15/217G | 132.11$m^2$ | 132.11x30+വർദ്ധനവ്/കുറവ് | 4994(BT)+238(LC) |

മുകളിൽ പ്രസ്താവിച്ച കെട്ടിട നമ്പർ 15/217G വിസ്തീർണ്ണം 132.11 $m^2$ ആണ് (100 $m^2$ന് മുകളിലാണ്) പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതിയുടെ അടിസ്ഥാനതുക ചതുരശ്ര മീറ്ററിന് 30 രൂപയാണ് കണക്കാക്കിയിട്ടുള്ളത്.

100 $m^2$ മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള (ഗ്രൂപ്പ് F) കെട്ടിടമായി കണക്കാക്കി വസ്തുനികുതി നിർണ്ണയിക്കുമ്പോൾ (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ അടിസ്ഥാന തുക ചതുരശ്ര മീറ്ററിന് 50 രൂപയാണ്.) ആയതു പ്രകാരം മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കേണ്ടത് താഴെ കാണിക്കും പ്രകാരമാണ്.

| | | | |
|---|---|---|---|
| 15/217A | 20.38 $m^2$ | 20.38X50+ വർദ്ധനവ്/കുറവ് | 1223(BT)+61(LC) |
| 15/217B | 19.65 $m^2$ | 19.65X50+ വർദ്ധനവ്/കുറവ് | 1183(BT)+59(LC) |
| 15/217C | 19.65 $m^2$ | 19.65X50+ വർദ്ധനവ്/കുറവ് | 1183(BT)+59(LC) |
| 15/217D | 36.22$m^2$ | 36.22X50+വർദ്ധനവ്/കുറവ് | 2173(BT)+109(LC) |
| 15/217E | 30.34$m^2$ | 30.34x50+വർദ്ധനവ്/കുറവ് | 1820(BT)+91(LC) |
| 15/217F | 23.3$m^2$ | 23.3x30+വർദ്ധനവ്/കുറവ് | 1398(BT)+70(LC) |
| 15/217G | 132.11$m^2$ | 132.11x50+വർദ്ധനവ്/കുറവ് | 7927(BT)+396(LC) |

ഇതുപോലെ ജിബി പൗലോസ്, ഇയ്യനം ഹൗസ്, മുരിങ്ങൂർ എന്നയാളുടെ 288.52 $m^2$ (304B,C,D,E,F,G,H,I,J,K,L,M) വസ്തുനികുതി നിർണ്ണയിച്ചതിലും മേൽപറഞ്ഞ അപാകതകളുണ്ട്.

2. രസഗുരുകുൽ ഹോസ്പിറ്റാലിറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ റിസോർട്ടുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ, വസ്തുനികുതിയുടെ അടിസ്ഥാന തുക ചതുരശ്രമീറ്ററിന് 80/-രൂപയാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ രസഗുരുകുൽ ഹോസ്പിറ്റാലിറ്റി ലിമിറ്റഡിന്റെ വെബ്സൈറ്റിൽ പ്രസ്തുത റിസോർട്ടുകളിൽ ആയുർവ്വേദ സുഖ ചികിത്സ കേന്ദ്രങ്ങൾ ഉള്ളതായി കാണുന്നു. ആയുർവ്വേദ സുഖ ചികിത്സ കേന്ദ്രങ്ങൾ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ വസ്തുനികുതിയുടെ അടിസ്ഥാന തുക ചതുരശ്രമീറ്ററിന് 150/-രൂപയാണ് കണക്കാക്കേണ്ടത്. ആകെ 2915.2$m^2$ വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ആയതിനാൽ ആയുർവ്വേദ സുഖ ചികിത്സ

കേന്ദ്രങ്ങൾക്കുള്ള കോട്ടേജുകളുടെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

ആയതിനാൽ ഇത്തരത്തിലുള്ള തെറ്റുകൾ ഗ്രാമപഞ്ചായത്തിന് തനതുഫണ്ടിൽ ഗണ്യമായ കുറവുണ്ടാക്കുന്നു. ആയത് ക്രമീകരിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത കോൺട്രാക്ടർമാരിൽ നിന്നും, തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ, ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 7, തിയ്യതി 19/9/2017) നൽകിയെങ്കിലും മറുപടി നൽകിയില്ല. ആയതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-8 ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വാടകകുടിശ്ശിക പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഷോപ്പിങ്ങ് കോംപ്ലക്സ് വാടകയ്ക്ക് നൽകുമ്പോൾ ഓരോ വർഷവും മുൻ വർഷത്തെ വാടകയുടെ 5% വർദ്ധിപ്പിച്ച വാടകയാണ് ഈടാക്കേണ്ടത്. എന്നാൽ മേലൂർ ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സ് 2016-17 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയത് 5% വാടക വർദ്ധനവില്ലാതെയാണ്. ചില വാടകക്കാരുടെ വാടക കുടിശ്ശിക ഒരു വർഷം മുതൽ ഒന്നര വർഷം വരെയുണ്ട്. ബൈലോ പ്രകാരം മാസത്തിന്റെ 5-ാം തിയ്യതിക്ക് മുൻപായി വാടക ഒടുക്കണമെന്നാണ്. ഇവരെ ഒഴിപ്പിക്കാനുള്ള യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഷോപ്പിങ്ങ് കോംപ്ലക്സ് വാടക കുടിശ്ശിക പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 സഞ്ചയയിൽ മാപ്പിങ്ങ് കൃത്യമാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് തനതുവരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു.

1) മേലൂർ ഗ്രാമപഞ്ചായത്തിന്റെ 14-ാംവാർഡിന്റെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 14/618, 14/619 എന്നീ നമ്പറുകളിലായി വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ കണ്ടിരുന്നു. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടങ്ങളുടെ മാപ്പിങ്ങ് നടത്തിയതായി കാണുന്നില്ല. പ്രസ്തുത കെട്ടിടങ്ങൾ 469$m^2$, 726$m^2$ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളാണ്. ഈ കെട്ടിടങ്ങൾ പുഴക്കര റപ്പായി (S/o വറീത്) ഭാര്യ ഏലമ്മയുടെ ഉടമസ്ഥതയിലുള്ളതാണെന്നാണ് അസസ്സ്മെന്റ് രജിസ്റ്ററിൽ കാണുന്നത്. ബി.ആർ.ഡി മോട്ടോർസ്, ബി.ആർ.ഡി. കാർ വേൾഡ് എന്നിവ പ്രവർത്തിക്കുന്നത് ഈ കെട്ടിടങ്ങളിലാണ്. എന്തുകൊണ്ടാണ് ഈ കെട്ടിടങ്ങൾ സഞ്ചയയിൽ മാപ്പിങ്ങ് നടത്താത് എന്നതിനുള്ള കാരണം വിശദമാക്കേണ്ടതാണ്. അനധികൃത നിർമ്മാണമാണെങ്കിൽ യു.എ. നമ്പർ നൽകി യു.എ. രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം നിർമ്മിച്ച കെട്ടിടത്തിന് നൽകാവുന്ന വസ്തുനികുതിയും, അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക ഈടാക്കാവുന്നതാണ്. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് നിലവിൽ വസ്തുനികുതി കുടിശ്ശിക എത്രയുണ്ടെന്ന് വ്യക്തമാക്കേണ്ടതും വസ്തുനികുതി കുടിശ്ശിക പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) മേലൂർ ഗ്രാമപഞ്ചായത്തിന്റെ 14-ാംവാർഡിന്റെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 14/489, 14/490,14/491,14/492 എന്നീ നമ്പർ ഗോഡൗൺ കെട്ടിടങ്ങളാണുള്ളത്. സഞ്ചയയിൽ പ്രസ്തുത കെട്ടിടങ്ങളുടെ മാപ്പിങ്ങ് നടത്തിയതായി കാണുന്നില്ല. ആകെ 600$m^2$ വിസ്തീർണ്ണമുള്ള ടി ഗോഡൗൺ കെട്ടിടങ്ങൾക്ക് 10 വർഷം മാത്രം കാലപ്പഴക്കമാണുള്ളത്. കിടങ്ങൻ വർഗ്ഗീസ് ഭാര്യ സ്റ്റെല്ല എന്നവരുടെ ഉടമസ്ഥതയിലുള്ളതാണ് പ്രസതുത കെട്ടിടങ്ങൾ. ഈ കെട്ടിടങ്ങൾ സഞ്ചയയിൽ മാപ്പിങ്ങ് നടത്താതിരുന്നതിനുള്ള കാരണം വിശദമാക്കേണ്ടതാണ്. പ്രസ്തുത കെട്ടിടങ്ങൾക്ക് നിലവിൽ വസ്തുനികുതി കുടിശ്ശിക എത്രയുണ്ടെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതും, വസ്തുനികുതി കുടിശ്ശിക പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-10 വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏതാനും ചില ഉദാഹരണം താഴെ ചേർക്കുന്നു.

| വാർഡ്/കെട്ടിട നം. | വസ്തു നികുതി | കുടിശ്ശികയുടെ വിവരം |
|---|---|---|
| 8/214A | 46,251/- | 2014-15 മുതൽ |
| 2/77 | 11,090/- | 2013-14 മുതൽ |
| 15/476 | 8789/- | 2015-16 മുതൽ |
| 2/265 | 385/- | 2012-13 മുതൽ |
| 2/264 | 385/- | 2012-13 മുതൽ |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 243(2) അനുസരിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക കാലഹരണപ്പെടുന്ന പക്ഷം വിഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കി 12% പലിശ നിരക്കിൽ നഷ്ടം ഈടാക്കേണ്ടതുമാണ്.

## 2-11 ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിയ്ക്കേണ്ട തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല

2016-17 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് ഇ-ടെണ്ടർ സംവിധാനത്തിലൂടെയാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 17380(16500+880(VAT)) രൂപ എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ

സീറോ ബാലൻസ് അക്കൗണ്ടിലേയ്ക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-12 സിനിമ ടിക്കറ്റ് വിറ്റതിൽ സെസ്സ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല

അഗസ്ത്യ സിനിമ തിയ്യറ്റർ 2016-17 സാമ്പത്തിക വർഷത്തിൽ സിനിമ ടിക്കറ്റ് വിറ്റതിൽ സെസ്സ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് മേലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഗസ്ത്യ സിനിമ തിയ്യറ്റർ ഉടമയ്ക്ക് അയച്ച കത്തിടപാടുകൾ പരിശോധനയിൽ കാണാൻ സാധിച്ചു. ആയതിനാൽ സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക പഞ്ചായത്തിലോ, ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലോ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 18 (തിയ്യതി 19.09.17)ൽ നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭക്ഷ്യവസ്തുക്കളുടെ സ്റ്റോക്കിലുണ്ടായ വ്യത്യാസം - 91,880/- രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ. 54/17

അംഗൻവാടി പോഷകാഹാരം

ചെക്ക് നമ്പർ. 1753126/ തിയ്യതി. 19.07.2016 (കേന്ദ്ര വിഹിതം)

തുക – 4,56,971/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

18.06.2015 തിയ്യതിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചാലക്കുടിയിൽ നിന്നും ഇറക്കിയ 91880 രൂപയുടെ ഭക്ഷ്യവസ്തുക്കളുടെ വില മേൽക്കാണിച്ച ചെക്ക് പ്രകാരം മാറി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുള്ള ബില്ലും ( No. 525252/001 Dt. 16-06-2015) സ്റ്റോക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ പേജ് നമ്പർ 18, 19

എന്നിവ പ്രകാരമുള്ള കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് കണ്ട് 90, 93, 94, 97, 105, 110, 112 നമ്പറുകളിലുള്ള അംഗൻവാടികളുടെ സ്റ്റോക്കുമായി താരതമ്യം ചെയ്ത് പരിശോധിച്ചതിൽ പല അംഗൻവാടികളുടെ സ്റ്റോക്കും രജിസ്റ്ററിലേതുമായി പൊരുത്തപ്പെടുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. 2015 ജൂൺ മാസത്തിൽ അംഗൻവാടി വഴി വിതരണം നടന്ന ഭക്ഷ്യവസ്തുക്കളുടെ ബില്ലാണ് 16-17 വർഷത്തിൽ മാറിയിട്ടുള്ളത് എന്നു കാണുന്നു. ടി കാലയളവിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ സമയബന്ധിതമായി തുക അടക്കാത്തതിനെത്തുടർന്ന് 28/05/16 തിയ്യതിയിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് (തീരുമാനം 14) തുക നൽകിയിട്ടുള്ളത്. സ്റ്റോക്കിലുണ്ടായ വ്യത്യാസം ക്രമീകരിക്കുന്നതുവരെ 91880 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ-13/18.9.17)

## 3-2 എസ്.സി വീടുകൾക്ക് കുടിവെള്ള കണക്ഷൻ. അടിസ്ഥാനരേഖകളുടെ അഭാവത്തിൽ ചെലവു തുക 10000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ. So 52/17

SC വീടുകൾക്ക് കുടിവെള്ള കണക്ഷൻ

ബിൽ നമ്പർ. 2/16-17 DT. 28.10.2016

ഈ പ്രോജക്ടിന്റെ ഭാഗമായി താഴെ ചേർക്കുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി ഉനത്തിൽ അയ്യായിരം രൂപ വീതം കൈമാറിയിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന അപാകതകൾ ഫയലിൽ കാണുന്നു.

| അപേക്ഷകന്റെ പേര് | അപാകത |
|---|---|
| പത്മിനി<br>D/o അയ്യപ്പൻ<br>എളയച്ചൻ കുട്ടം | അപേക്ഷകന്റെ റേഷൻ കാർഡിൽ എ.പി.എൽ വിഭാഗത്തിൽ പെട്ടയാളാണ്. വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| രാമൻ കുട്ടി<br>വെളുത്തുപറമ്പിൽ<br>മണ്ടിക്കുന്ന് | SC വിഭാഗത്തിൽ പെട്ടയാളാണ് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ല. |

രേഖകളുടെ അഭാവത്തിൽ 10000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

(ഓഡിറ്റ് എൻക്വയറി നമ്പർ-2/14.9.17)

## 3-3 തെരുവുവിളക്കുകളുടെ സ്റ്റോക്ക് , വിതരണം എന്നിവയിൽ കൃത്യത വരുത്തേണ്ടതാണ്.

തെരുവുവിളക്കുകളുടെ സ്റ്റോക്ക് വിതരണം എന്നിവ കൂടുതൽ കൃത്യമായി പരിപാലിക്കേണ്ടതാണ്. തെരുവു വിളക്ക സാമഗ്രികളുടെ വിതരണവും, മെയിന്റനൻസ് കണക്കുകളും പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിന് നടപടി എടുക്കേണ്ടതാണ്.

## 3-4 കന്നുകുട്ടി പരിപാലന പദ്ധതി

പ്രോജക്റ്റ് നം. S0012/2017

തുക – 306250

ബിൽ നം. 2/17-2-2017

സംസ്ഥാന വിഹിതം 312500

2016-17ൽ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽ 49 ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരുന്നത്. പദ്ധതിയിൽ കാലിത്തീറ്റ വിതരണം ആരംഭിച്ച് 5 മാസത്തോളമായിട്ടുണ്ട്. പുലാനി ക്ഷീരവികസന സമിതിയുടെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ ബിന്ദു മധുസൂധനൻ എന്ന ഗുണഭോക്താവ് കാലിത്തീറ്റ സ്വീകരിക്കുന്നതായി കാണുന്നില്ല.

മേൽ ഗുണഭോക്താവ് പദ്ധതിയിൽ തുടരാത്ത സാഹചര്യത്തിൽ പദ്ധതി തീരുന്ന മുറയ്ക്ക് ബാക്കി വരുന്ന പഞ്ചായത്ത് വിഹിതം തിരിച്ച് പഞ്ചായത്തിൽ തന്നെ അവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പൊതുടാപ്പ്-സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കട ഹെൽത്ത് ഡിവിഷന്റെ 9/2016ലെ A5 2633/2006 dt. 7/10/2016 ഡിമാന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 330 പൊതുടാപ്പുകളാണ് ഉള്ളത്. പ്രതിമാസം 144375 രൂപ വാട്ടർചാർജ്ജ് ഇനത്തിൽ അടവാക്കി വരുന്നുണ്ട്. 2012-13 സാമ്പത്തിക വർഷത്തിലാണ് സംയുക്ത പരിശോധന നടത്തിയിട്ടുള്ളത്. അതിനുശേഷം ടാപ്പുകൾ നീക്കം ചെയ്യുകയും പുതിയത് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

മേലൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 27 അംഗൻവാടികളാണ് ഉള്ളത്. ഇതിൽ 22 അംഗൻവാടികളാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. 5 അംഗൻവാടികൾ വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 16-1-2014 ലെ ഗവ. സർക്കുലർ നം. 62671/യു/3/02/റവന്യൂ പ്രകാരം റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ അംഗൻവാടി കെട്ടിടത്തിനാവശ്യമായ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യമായി പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് അംഗൻവാടി കെട്ടിടത്തിനായി ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്.

വൈദ്യുതീകരിച്ച 26 അഗൻവാടികളും വാട്ടർകണക്ഷൻ ഉള്ള21 അംഗൻവാടികളുമാണുള്ളത്. 12 അംഗൻവാടികൾക്ക് ചുറ്റമതിലുണ്ട്. എല്ലാ അംഗൻവാടികൾക്കും LPG കണക്ഷൻ ലഭ്യമായിട്ടുണ്ട്.

ആവശ്യങ്ങൾ മുൻഗണന നിശ്ചയിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വികരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 അനിമൽ ബർത്ത്കൺട്രോൾ പ്രോഗ്രാം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പദ്ധതി നം. 41/2017

അടങ്കൽ 1,00,000/-

ചെലവ് 1,00,000/- (2241694/23-3-2017)

തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ 1,00,000/-രൂപ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ജില്ലാപഞ്ചായത്ത് സെക്രട്ടറി, തൃശ്ശൂർ-ന് കൈമാറിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൻെറ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-8 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ

പ്രൊജക്ട് നമ്പർ S089/2017

അടങ്കൽ 1,00,000/-

ചെലവ് 1,00,000/-

ബിൽ നമ്പർ 3/2016-17 തിയ്യതി 18-2-2017

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., മേലൂർ

2016-17 സാമ്പത്തിക വർഷത്തിൽ മേലൂർ ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 100000 രൂപ പി.എഫ്. 499 തിയ്യതി 19-11-2016 ഇൻവോയ്സ് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെയായിട്ടും 100000 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ശുചിത്വമിഷൻ ഫണ്ട് ഉപയോഗം

2016-17 സാമ്പത്തിക വർഷത്തിൽ ശുചിത്വമിഷൻ ശുചീകരണപ്രവർത്തനത്തിനായി ഓരോ വാർഡിലേയ്ക്ക് 10000 രൂപയും പഞ്ചായത്ത് വിഹിതമായി 5000 രൂപയും നല്കിയിരുന്നു. എന്നാൽ 2, 4 വാർഡുകളിൽ ഈ തുക ഉപയോഗിച്ച് ശുചീകരണപ്രവർത്തനങ്ങളോടൊപ്പം ക്യാമ്പ് നടത്തുകയും മരുന്നുകൾ വാങ്ങി വിതരണം ചെയ്തതായും കാണുന്നു.

ശുചീകരണപ്രവർത്തനത്തിനായി നല്കുന്ന ഫണ്ട് അതിനായി തന്നെ ഉപയോഗിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ വരും വർഷങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-10 താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ ചെലവു തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 1383982 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കാത്തതിനെതുടർന്ന് ചെലവു തുക 13,83,982/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/ തിയ്യതി | തുക | ആർക്ക് കൈമാറി എന്ന് |
|---|---|---|---|---|
| So 105/17 | പി.എം.എ.വൈ. ജനറൽ വിഹിതം | 31/16-17 17-02-17 | 200000 | ബ്ലോക്ക് പഞ്ചായത്ത്, ചാലക്കുടി |
| So20/17 | ഐ.കെ.എം. ഷെയർ | 36/16-17 22/2/17 | 47732 | ഐ.കെ.എം., തിരുവനന്തപുരം |
| So161/17 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 51/16-17 31/03/17 | 193930 | കെ.ഡബ്ള്യു.എ. പി.എച്ച്. ഡിവിഷൻ, ഇരിഞ്ഞാലക്കുട |
| So161/17 | ,, | 52/16-17 31/03/17 | 942320 | കെ.ഡബ്ള്യു.എ. പി.എച്ച്. ഡിവിഷൻ, ഇരിഞ്ഞാലക്കുട |
| ആകെ | | | 1383982 | |

ഓഡിറ്റ് എൻക്വയറി നമ്പർ-14

## 3-11 പ്രോജക്ടുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 921625 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 921625 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/ തിയ്യതി | തുക | ആർക്ക് കൈമാറി എന്ന് |
|---|---|---|---|---|
| So 104/17 | പി.എം.എ.വൈ. എസ്.സി. വിഹിതം | 09/16-17<br>25-02-17 | 675000 | ബ്ലോക്ക് പഞ്ചായത്ത്, ചാലക്കുടി |
| So180/17 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 18/16-17<br>31/03/17 | 246625 | കെ.ഡബ്ല്യു.എ. പി.എച്ച്. ഡിവിഷൻ ഇരിഞ്ഞാലക്കുട |
| ആകെ | | | 921625 | |

ഓഡിറ്റ് എൻക്വയറി നമ്പർ-15

## 3-12 മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതി- അവലോകനം

2016-17വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 2016-17 വർഷത്തെ മൊത്തം അടങ്കൽ | 80017300 |
| 2016-17 വർഷത്തെ മുൻ ബാക്കി | 846 |
| 2016-17 വർഷത്തെ ആകെ വരവ് | 12920792 |
| 2016-17 വർഷത്തെ ആകെ ചെലവ് | 12869563 |
| 2016-17വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 51229 |

| | |
|---|---|
| 2016-17 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 136 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 433 |
| 2016-17 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | |
| പട്ടികജാതി | 4605 |
| പട്ടികവർഗ്ഗം | - |
| മറ്റുള്ളവർ | 29672 |
| ആകെ | 34277 |
| സ്ത്രീകൾ | 32917 |
| പുരുഷൻമാർ | 1360 |
| 2016-17 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 778 |
| 2016-17 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 108 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | - |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ വിതരണം ചെയ്ത വേതനം | 11594817 |
| പദ്ധതികൾ സംബന്ധിച്ച വിശാദാംശം | |
| പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം |
| മണ്ണ് ജല സംരക്ഷണം | 2 |
| വനവൽക്കരണം | 8 |
| ചെറുകിട ജലസേചന പദ്ധതികൾ | 14 |
| ദുർബല ജനവിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ | 33 |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 7 |
| ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | 55 |
| വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ | 17 |
| ആകെ | 136 |

## 3-13 പശ്ചിമഘട്ടവികസന പദ്ധതി-തുക ചെലവഴിക്കാതെ ഭാഗികമായി തിരിച്ചടച്ചു

പശ്ചചിമഘട്ട വികസന പദ്ധതിയ്ക്കായി വിവിധ കാലയളവിലായി 2006-07, 2010 - 11 ലഭിച്ച തുക നിശ്ചിത തിയ്യതിയ്ക്കകം (സെപ്റ്റംബർ-2016) ചെലവഴിയ്ക്കുവാനും അല്ലാത്തപക്ഷം ജോയിന്റ് ഡയറക്ടർ, പശ്ചിമഘട്ട വികസന പദ്ധതിയുടെ പേരിൽ തിരിച്ചടയ്ക്കുവാനും ജില്ലാ പ്ലാനിംഗ് ഓഫീസർ നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് ചെലവഴിയ്ക്കാത്ത തുകയായി 101624രൂപ തിരിച്ചടച്ചിട്ടുണ്ട്. (വൗച്ചർ നം. 21600553/24.10.16) എന്നാൽ പ്രസ്തുത പദ്ധതിയുടെ പാസ്സ് ബുക്ക് (അക്കൗണ്ട് നം-3019311635-2 എസ്.ബി.ഐ) പരിശോധിച്ചതിൽ 25.3.17ൽ 4127രൂപ പദ്ധതി തുകയും 1039രൂപ (987+52 (പലിശ) ഉൾപ്പെടെ 5166 രൂപ തിരിച്ചടവിനുശേഷവും നീക്കിയിരിപ്പുണ്ട്. ഈ തുകയുടെ കൃത്യത ഉറപ്പാക്കി പശ്ചിമഘട്ട വികസന പദ്ധതി ജോയിന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്. പദ്ധതിയ്ക്കായി ലഭിയ്ക്കുന്ന തുക മാർഗ്ഗനിർദ്ദേശാനുസരണം ചെലഴിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ബിറ്റുമിൻ വാങ്ങൽ - നല്കിയ തുകയ്ക്കുള്ള ബിറ്റുമിൻ ലഭിച്ചില്ല

ചെലവുവിവരം

ബിൽ നം. 2മുതൽ 12വരെ /16-17 തിയതി-21.2.17, 949691രൂപ

ഗ്രാമപഞ്ചായത്തിന്റെ 16-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ റോഡ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിനായി 949691രൂ.അസി.എഞ്ചിനീയർ ട്രഷറിയിൽ നിന്നും പിൻവലിച്ച് 2,55,422രൂ.ഹിന്ദുസ്ഥാൻ കോൾസ് പ്രൈ.ലിമിറ്റഡിനും 694269രൂ.ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനും നല്കിയിട്ടുണ്ട്.എന്നാൽ താഴെ ചേർക്കുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 929637 രൂപയുടെ ബിറ്റുമിൻ മാത്രമാണ് ലഭിച്ചത്.

| ക്രമ നം | ഇൻവോയ്സ് നം, തിയതി | ലഭിച്ച ബാരൽ/നിരക്ക് | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 1932/8.3.17 | 21-ss-1, @63317/3.817 mt | 253764 | ഹിന്ദുസ്ഥാൻ കോൾസ് പ്രൈ.ലിമിറ്റഡ് |
| 2 | 6300090366/6.3.17 | 60, vg-30. @5213.56/9.360mt | 328454 | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് |
| 3 | 6300091029/7.3.17 | 46, vg-30 @ 5213.56/7.176mt | 251815 | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് |
| 4 | 6300097529/6.3.17 | 14, rs-1 @6503.67/2.54mt | 95604 | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് |

| | | | | |
|---|---|---|---|---|
| | ആകെ | | 929637 | |

അധികമായി നല്കിയ 20054 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 18396 രൂപ ബി.പി.സി.എൽ നിന്നും 1658 രൂപ hincol-ൽ നിന്നും (ആകെ-20054 രൂപ) ഈടാക്കി പ്രസ്തുത അക്കൗണ്ടിൽ തിരിച്ചടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സമയബന്ധിതമായി തുക ഈടാക്കാൻ കഴിയാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി പരിഗണിക്കുന്നതും തുടർനടപടി സ്വീകരിക്കുന്നതുമാണ്.

## 3-15 ബിറ്റുമിൻ കൈപ്പറ്റിയ കരാറുകാർ തൻവർഷം പ്രവൃത്തി പൂർത്തീകരിച്ചില്ല

2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ 11 റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി അസി.എഞ്ചിനീയർ മുഖേന ബിറ്റുമിൻ വാങ്ങി ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കരാറുകാർക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ 4 എണ്ണം മാത്രമാണ് തൻവർഷം പൂർത്തീകരിച്ചത്. തൻവർഷം പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കൈപ്പറ്റിയ ബിറ്റുമിൻ/ ബാരൽ vg-30 | ss-1 | rs-1 |
|---|---|---|---|---|
| 1 | കനാൽ ബണ്ട് അംഗനവാടി റോഡ് | 5 | 2 | 2 |
| 2 | കുവക്കാട്ടുകുന്ന് കോട്ടറോഡ് | 13 | - | 1 |
| 3 | മുല്ലമ്പാറ മേൽപ്പാറ റോഡ് | 9 | 3 | 1 |
| 4 | മുല്ലയ്ക്കൽ അമ്പലം റോഡ് | 5 | 2 | 1 |
| 5 | എളമ്പ്ര നാലുസെന്റ് കോളനി റോഡ് | 8 | 3 | 1 |
| 6 | തെക്കുംകരപ്പാടം റോഡ് | 6 | 2 | 1 |
| 7 | പാരപ്പിള്ളി കരിപ്പാക്കുഴി റോഡ് | 5 | - | 1 |

റോഡ് പ്രവൃത്തികൾ സമയബന്ധിതമായി ചെയ്താലേ കുറ്റമറ്റ രീതിയിൽ നിർവ്വഹിച്ചതായി ഉറപ്പുവരുത്തുവാൻ സാധിക്കു. പ്രവൃത്തി വൈകുന്തോറും നിലവിലുള്ള റോഡുകൾ കൂടുതൽ തകരാറുകൾ സംഭവിക്കുമെന്നതിനാൽ എത്രയും വേഗം പ്രവൃത്തികൾ കുറ്റമറ്റ രീതിയിൽ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-16 സേവനനികുതി കരാറുകാരന്റെ വിഹിതം ഈടാക്കിയില്ല - അധികചെലവ്-31622 രൂ.

മരാമത്ത് പ്രവൃത്തികളുടെ സേവനനികുതി സേവനദാതാവും കരാറുകാരനും തുല്യമായി

ഒടുക്കേണ്ടതാണ്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനനികുതിയുടെ പകുതി പഞ്ചായത്ത് വഹിച്ചാൽ മതിയാകും. എന്നാൽ 16-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് വർക്കുകളിൽ സേവനനികുതി ഇനത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന മുഴുവൻ തുകയും പഞ്ചായത്ത് വഹിച്ചതായി കാണുന്നു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ആകെ മൂല്യം | ബിൽ നം. തിയതി | സേവനനികുതി | ഈടാക്കേണ്ട സേവനനികുതി | |
|---|---|---|---|---|---|---|
| | | | | | കരാറുകാരൻ | പഞ്ചായത്ത് |
| 1 | വായനശാല മെയിന്റനൻസ് | 236325 | 26/16-17, 261139/30.3.17 | 24814 | 12407 | 12407 |
| 2 | പഞ്ചായത്ത് ഓഫീസ് അനക്സ് നിർമ്മാണം | 640496 | 22/16-17, 678925/30.3.17 | 38430 | 19215 | 19215 |
| | ആകെ | | | | 31622 | 31622 |

കരാറുകാരിൽ നിന്നും 31622 രൂപ തിരികെ ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കരാറുകാരനിൽ നിന്ന് സേവനനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 9/18.09.17)

അധിക ചെലവ് തുക സമയബന്ധിതമായി ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി തുടർനടപടി സ്വീകരിക്കുന്നതാണ്.

## 3-17 വാർഷിക കണക്കും യഥാർത്ഥ ഡെപ്പോസിറ്റ് ബാലൻസും തമ്മിൽ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

വാർഷിക കണക്കിൽ ഡെപ്പോസിറ്റ് ബാലൻസായി (B18 ഷെഡ്യൂൾ പ്രകാരം) കേരള വാട്ടർ അതോറിറ്റിയിൽ 67000/- രൂപയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ 1,13,173/- രൂപയുമാണുള്ളത്. എന്നാൽ 31.03.2017ന് വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ഇടുന്നതിന് വാട്ടർ അതോറിറ്റിക്ക നൽകിയ 1136250 രൂപയും, 246625 രൂപയും ചേർത്ത് 1382875 രൂപയാണ് ഡെപ്പോസിറ്റ് ബാലൻസായി വരേണ്ടത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകിയ ഇനത്തിൽ 1,13,173/- രൂപ ഡെപ്പോസിറ്റ് ബാലൻസ് ബാലൻസ് ഷീറ്റിൽ ഉള്ളതിന് വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | | | | | |
| | 01.04.2016ലെ ബാക്കി | 370336 | | | |
| ജില്ലാ പഞ്ചായത്ത് | 2016-17 | 125000 | S0 4/17 വികലാംഗ വിദ്യാർത്ഥി ക്ഷേമം | 125000 | 0 |
| ജില്ലാ പഞ്ചായത്ത് | 2012-13 | 0 | S0 75/17 പിണിക്കക്കടവ് കലവറക്കടവ് എൽ.ഐ. മെയിൻറനൻസ് | 90262 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 570000 | S0 177/1 മേലൂർ ഗ്രാമപഞ്ചായത്തിലെ വിവിധ കുളങ്ങളുടെ ശുചീകരണം | 0 | |
| ജില്ലാ പഞ്ചായത്ത് | 2016-17 | 0 | S0 145/17 എസ് സി വിഭാഗക്കാർക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങൽ | 0 | 0 |
| ആകെ | | 1065336 | | 215262 | 850074 |

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 125000 | S0 4/17 വികലാംഗ വിദ്യാർത്ഥി ക്ഷേമം | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | S0 95/17 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി SO 61/17 പാലിയേറ്റീവ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 spill over | 50000 | S0 58/17 പാലിയേറ്റീവ് | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 spill over | 37500 | S0 61/17 പാലിയേറ്റീവ് | 37500 | 0 |
| ആകെ | | 512500 | | 512500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ഡിഡി നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മേലൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | അക്കൗണ്ട് ട്രാൻസ്ഫർ 31-3-2017- 10307104066 | 1136250 | - | 1136250 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിലെ എസ്.സി. കോളനികളിലേയ്ക്ക് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | അക്കൗണ്ട് ട്രാൻസ്ഫർ 31-3-2017 -10307104066 | 246625 | 0 | 246625 |
| കെ.എസ്.ഇ.ബി. | | | | | 113173 |

വാർഷിക കണക്കുമായി മേൽ പട്ടികയിലെ വ്യത്യാസം ഖണ്ഡിക 3-17 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | എസ്.സി.ബി മേലൂർ 2184/10/ 02.07.10 | 9720000 | 3760000 | 526332 | 3253668 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2354357 |
| തൻവർഷം നിക്ഷേപിച്ച തുക | 156455 |
| ആകെ | 2510812 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2510812 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, | രശീത് നം. | തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | | |
| 2013-14 | para 3-1 | 14199 | കെ.രാജീവ് കോൺട്രാക്ടർ | 11607100136 | 8-4-2016 |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52481934 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46503417 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 31622 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2407487 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-16 | - | 31622 | സുജിന. കെ.വി. അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 91880 | ലീന. എം.വി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-2 | 10000 | അനൂപ്. സി.എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 100000 | ഡോ. അഭിലാഷ്. പി.എസ്., വെറ്ററിനറി സർജൻ |
| 3-8 | 100000 | ഡോ. രജനി ശ്രീധരൻ. എം.ഒ. |
| 3-10 | 1383982 | അനൂപ്. സി.എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 921625 | അനൂപ്. സി.എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 2407487 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുജിന.കെ.വി. അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ, മേലൂർ ഗ്രാമപഞ്ചായത്ത് | കുവക്കാട്ടിൽ വീട്, പാമ്പുതറ റോഡ്, അന്നനാട് |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 97-98 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 98-99 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 99-00 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 2000-01, 01-02 പ്ലാൻ | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 96-97 വരവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 97-98 വരവ് | എൽ.എഫ്.ടി14-62/08/ 27.04.09 |
| 98-99 വരവ് | എൽ.എഫ്.ടി14-63/08/ 27.04.09 |
| 99-00 വരവ് | എൽ.എഫ്.ടി14-64/08/ 27.04.09 |
| 00-01 | എൽ.എഫ്.ടി14-65/08/ 27.04.09 |
| 01-02 | എൽ.എഫ്.ടി14-66/08/ 27.04.09 |
| 02-03 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 03-04 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 04-05 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 05-06 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 06-07 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 07-08 | എൽ.എഫ്.ടി.പി3-2094/11/ 21.12.11 |
| 08-09 | എൽ.എഫ്.ടി.പി3-2095/11/ 21.12.11/12.03.12 |
| 09-10,10-11 | എൽ.എഫ്.ടി.പി3-2157/12/ 6.03.13/ 6.06.13 |

| | |
|---|---|
| 11-12 | എൽ.എഫ്.ടി.പി3-1435/13/ 15.01.14/11.03.14 |
| 12-13 | എൽ.എഫ്.ടി.പി7-1420/14/ 21.01.15/28.03.15 |
| 13-14 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)21/16/ 18.1.16/4.3.16 |
| 14-15 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/1048/16/01.07.16 |
| 2015-16 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/2196/ 2016/7-1-2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിററ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ പി7/1482/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി – 27.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

No. KSA-TSR/P7/1482/2017

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 27.11.2017

# AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Melur Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the

purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Melur Grama Panchayat for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office, Thrissur.